പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3828 — 15.12.2014 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) വിവിധ കേസുകളിൽപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവ ലേലം ചെയ്യുന്നതിനോ വിൽക്കുന്നതിനോ നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇതിനു വേണ്ടിവരുന്ന ചുരുങ്ങിയ കാലാവധി എത്രയാണെന്ന് അറിയിക്കുമോ; | (ബി) ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറയ്ക്ക് ബഹു. കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്തുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നു. ഇതിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ ലേലം ചെയ്തു; ഇതിൽ നിന്നും എന്ത് തുക സർക്കാരിന് ലഭിച്ചു; | (സി) 9000 വാഹനങ്ങൾ ലേലം ചെയ്തു. ഇതിൽ നിന്നും 4,79,79,723 രൂപ (നാല് കോടി എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി എഴുനൂറ്റി ഇരുപത്തിമൂന്ന് രൂപ) സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്തു വിൽക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | (ഡി) അവകാശികളില്ലാത്ത വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്തു വിൽക്കുന്നതിന് പരമാവധി വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

87

3828
15/12/14

| | എ) വാഹനങ്ങളുടെ എണ്ണം |
|---|---|
| Districts | |
| TVM City | 1379 |
| TVM Rural | 1824 |
| KLM City | 237 |
| KLM Rural | 1155 |
| PTA | 146 |
| ALP | 780 |
| KTM | 987 |
| IDK | 349 |
| EKM City | 582 |
| EKM Rural | 1323 |
| TSR City | 652 |
| TSR Rural | 2038 |
| PKD | 1277 |
| MLP | 10691 |
| KKD City | 1072 |
| KKD Rural | 644 |
| WAY | 117 |
| KNR | 1686 |
| KSR | 1301 |
| RLWYs | 3 |
| **Total** | 28243 |

സെക്ഷൻ ഓഫീസർ